LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിട്ടുള്ളതും അത്തരം കേസുകളിൽ സർക്കാർ ഭാഗം സംരക്ഷിച്ചുകൊണ്ടുള്ള നിയമ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. കയ്യേറ്റം ഒഴിപ്പിച്ച മറ്റു കേസുകളിൽ ബന്ധപ്പെട്ട ഭൂമിയിൽ സർക്കാർ വക എന്നുള്ള ബോർഡുകൾ സ്ഥാപിച്ച് തുടർന്നും കയ്യേറ്റമുണ്ടാകാതെ സംരക്ഷിച്ചുപോരുന്നു.

(സി) ഭരണസിരാകേന്ദ്രത്തിന് അരികിലായി തലസ്ഥാന നഗരിയിലെ കിഴക്കേക്കോട്ടയിലെ നോർത്ത് ബസ്സ്റ്റാന്റിന് പുറകിലായി കോട്ടമതിലിന് ചുറ്റുമുള്ള സർക്കാർ സ്ഥാപനത്തിന് അധികാരപ്പെട്ട ഭൂമി അനധികൃതമായി കയ്യേറിയ സ്വകാര്യ വ്യക്തികളിൽനിന്നും തിരിച്ചെടുക്കുന്നതിന് കഴിഞ്ഞ അഞ്ചു വർഷംകൊണ്ട് സാധിച്ചിട്ടില്ലെങ്കിലും ആയത് പൂർണ്ണമായും ഒഴിപ്പിച്ചെടുക്കാൻ നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ?

തലസ്ഥാന നഗരിയിലെ കിഴക്കേകോട്ടയിലെ നോർത്ത് ബസ് സ്റ്റാന്റിനു പുറകിലായി കോട്ടമതിലിന് ചുറ്റുമുള്ള സർക്കാർ സ്ഥാപനത്തിന് അധികാരപ്പെട്ട ഭൂമി അനധികൃതമായി കയ്യേറിയ സ്വകാര്യ വ്യക്തികളിൽ നിന്നും തിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

തുപ്പാറ, മാത്തൂർ, ചിറ്റൂർകടവ് പാലങ്ങളുടെ നിർമ്മാണം

214 (963) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് നിർമ്മാണം ആരംഭിച്ച തുപ്പാറ, മാത്തൂർ, ചിറ്റൂർകടവ് പാലങ്ങളുടെ തുടർ നിർമ്മാണത്തിന്റെ പ്രാരംഭ പ്രവർത്തനത്തിന് ഡിസൈൻ സ്ലാബിന്റെ ചേഞ്ച് സംബന്ധിച്ച് സാങ്കേതിക പഠനം നടത്തുന്നതിന് തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിനെയും മേൽനോട്ടം നിർവ്വഹിക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണറെയും 22-10-2020-ന് ബഹു. റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ചുമതലപ്പെടുത്തിയിരുന്ന സാഹചര്യത്തിൽ ആയതിന്റെ തുടർ നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

22-10-2020-ൽ റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സംസ്ഥാന ഉന്നതതല സമിതി യോഗത്തിൽ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലാ കളക്ടർ തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗ് അധികാരികളുമായി ബന്ധപ്പെടുകയും സാങ്കേതിക പഠനത്തിന് ആവശ്യപ്പെട്ട രേഖകൾ കൈമാറുകയുമുണ്ടായി. നിലവിൽ സാങ്കേതിക പഠനം ആരംഭിക്കുന്നതിന് സാധിച്ചിട്ടില്ല എന്ന വിവരമാണ് കോളേജ് പ്രിൻസിപ്പലിൽ നിന്നും അറിയുവാൻ സാധിച്ചിട്ടുള്ളത് എന്ന് ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട്

നൽകിയിട്ടുണ്ട്. കൂടുതൽ സാങ്കേതിക വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് കോളേജ് ഓഫ് എഞ്ചിനീയറിംഗ് അധികാരികൾ കത്ത് നൽകുകയും ടി വിവരങ്ങൾ നൽകുന്നതിന് ജില്ലാ നിർമ്മിതി കേന്ദ്രത്തിനും കൺസൾട്ടിംഗ് ഏജൻസിക്കും പത്തനംതിട്ട ജില്ലാ കളക്ടർ കത്ത് നൽകിയിട്ടുള്ളതുമാണ്. അതോടൊപ്പം സാങ്കേതിക പഠനം പൂർത്തീകരിച്ച് അടിയന്തരമായി റിപ്പോർട്ട് നൽകുന്നതിന് തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗ് പ്രിൻസിപ്പാളിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

സർക്കാർ ഭൂമിയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് നടപടി

215 (964) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥനത്ത് വ്യപകമായി സർക്കാർ ഭൂമി കയ്യേറ്റങ്ങൾ നടക്കുന്നു വെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാനത്ത് വ്യാപകമായി സർക്കാർ ഭൂമി കയ്യേറിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സർക്കാർ ഭൂമിയുടെ അനധികൃത കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടവയെല്ലാം തന്നെ കേരള ഭൂസംരക്ഷണ നിയമപ്രകാരമുള്ള ഒഴിപ്പിക്കൽ നടപടി സ്വീകരിച്ചു വരുന്നുണ്ട്.

(ബി) എങ്കിൽ സംസ്ഥാനത്ത് നാളിതുവരെയായി എത്ര ഹെക്ടർ സർക്കാർ ഭൂമിയാണ് കയ്യേറ്റ ഭൂമിയായി കണ്ടെത്തിയതെന്നറിയിക്കുമോ; ഏതെല്ലാം ജില്ലകളിലാണ് വ്യാപകമായി കയ്യേറ്റങ്ങൾ നടന്നിട്ടുള്ളതെന്നും ആരെല്ലാമാണ് കയ്യേറിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

സംസ്ഥാനത്ത് നാളിതുവരെയായി കയ്യേറിയ ഭൂമിയുടെ വിസ്തീർണ്ണം ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കിയത് അനുബന്ധമായി ചേർക്കുന്നു*.

(സി) പ്രസ്തുത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ?

സർക്കാർ ഭൂമിയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി കേരള ഭൂസംരക്ഷണ നിയമം 1957 പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 8-11-2008-ന ശേഷമുള്ള കയ്യേറ്റമാണെങ്കിൽ 2009-ലെ കേരള ഭൂസംരക്ഷണ (ഭേദഗതി) നിയമ പ്രകാരം കയ്യേറ്റ കക്ഷിക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കയ്യേറ്റ കേസുകളിന്മേലുണ്ടാകുന്ന അപ്പീൽ/റിവിഷൻ ഹർജികളിൽ

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly